**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5569** **08-07-2024 - ൽ മറുപടിയ്ക്ക്**

**ജെ.എൻ.ടി.ബി.ജി.ആർ.ഐ. ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ഡി കെ മുരളി</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>വാമനപുരം മണ്ഡലത്തിലെ പാലോട് പ്രവർത്തിക്കുന്ന ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ജെ.എൻ.ടി.ബി.ജി.ആർ.ഐ.) ഗവേഷണ പ്രവർത്തനങ്ങളും മറ്റ് പദ്ധതി പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പ്രവർത്തനങ്ങളും മറ്റ് പദ്ധതി പ്രവർത്തനങ്ങളും അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;</td><td>(ബി)</td><td>
<table>
<tr><th>വർഷം</th><th>പദ്ധതിയേതരം വിഹിതം</th><th>പദ്ധതി വിഹിതം</th><th>പുറമേയുള്ള പദ്ധതി വിഹിതം</th></tr>
<tr><td>2021-2022</td><td>2160 ലക്ഷം</td><td>967 ലക്ഷം</td><td>1,69,83,083/-</td></tr>
<tr><td>2022-2023</td><td>1432 ലക്ഷം</td><td>688 ലക്ഷം</td><td>1,25,47,159/-</td></tr>
<tr><td>2023-2024</td><td>1759 ലക്ഷം</td><td>776 ലക്ഷം</td><td>2,34,63,651/-</td></tr>
</table>
</td></tr>
<tr><td>(സി)</td><td>സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;</td><td>(സി)</td><td>ഉണ്ട്. 26.02.2024 ലെ സ.ഉ.(കൈ) നം.1/2024/എസ്&റ്റി.ഡി. പ്രകാരം ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ശമ്പള പരിഷ്കരണം 01/07/2019 പ്രാബല്യത്തിൽ ആണ് നടപ്പിലാക്കിയിട്ടുള്ളത്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആനുകൂല്യം നിലവിൽ എത്ര പേർക്ക് ലഭ്യമാകുമെന്നും കുടിശികയുൾപ്പെടെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | 75 ജീവനക്കാർക്ക് 11ാം ശമ്പള പരിഷ്കരണം ലഭ്യമാക്കിയിട്ടുണ്ട്. കുടിശിക നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണ പ്രവർത്തനങ്ങളും മറ്റ് പദ്ധതി പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

### ജെ എൻ ടി ബി ജി ആർ ഐ - പ്ലാന്റ് ജനറ്റിക് റിസോഴ്സസ് വിഭാഗം

പശ്ചിമഘട്ടത്തിൽ നിന്നും ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നുമുള്ള ഔഷധ സസ്യങ്ങൾ, അലങ്കാരപ്രാധാന്യമുള്ള സസ്യങ്ങൾ, മുളവിഭവങ്ങൾ, കൃഷിവിളകൾ മുതലായ സസ്യസമ്പത്തിന്റെ സംരക്ഷണം, പ്രജനനം, പരിപാലനം, സുസ്ഥിരവിനിയോഗം.
യു കെ ആസ്ഥാനമായ ഗ്ലോബൽ ജീനോം ഇനിഷ്യേറ്റീവ് ഫോർ ഗാർഡൻ- ബൊട്ടാണിക് ഗാർഡൻ കൺസെർവേഷൻ ഇന്റർനാഷണൽ എന്നിവയുടെ ധനസഹായത്തോടെ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ

a. പശ്ചിമഘട്ടത്തിലെ ഔഷധ-സുഗന്ധ സസ്യങ്ങളുടെ ജൈവസങ്കേതം സ്ഥാപിക്കൽ

b. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ സസ്യങ്ങളുടെ ജൈവസങ്കേതം സ്ഥാപിക്കൽ

യുഎൻഡിപി ധനസഹായത്തോടെ ഓർക്കിഡുകളുടെ സംരക്ഷണത്തിനായി ഇരവികുളം ദേശീയ ഉദ്യാനത്തിൽ ഓർക്കിഡേറിയവും ഓർക്കിഡ് വ്യാഖ്യാന കേന്ദ്രവും സ്ഥാപിക്കൽ, കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ ക്ലസ്റ്റർ രൂപീകരണത്തിലൂടെ കേരളത്തിലെ ഓർക്കിഡ് കർഷകരുടെ വരുമാനം പരിപോഷിപ്പിക്കുന്നതിനായി തദ്ദേശീയ ഓർക്കിഡുകളുടെയും സങ്കരയിനങ്ങളുടെയും ടിഷ്യു കൾച്ചർ പ്രജനനവും, പ്രചരണവും, കൃഷിയിടങ്ങളിലെ സംരക്ഷണവും ഉറപ്പാക്കൽ, പശ്ചിമഘട്ടത്തിലെ മഴക്കാടുകളുടെ ആവാസവ്യവസ്ഥയിൽ കണ്ടുവരുന്ന സിംഹവാലൻ കുരങ്ങ്, വെടിപ്ലാവ് എന്നീ പ്രാദേശിക ഇനങ്ങളുടെ വംശീയഘടനയും ജനിതക വ്യതിയാനവും പരസ്പരം പ്രയോജനപ്പെടുന്ന രീതിയിൽ പരിപോഷിപ്പിക്കൽ, കേരള സ്റ്റേറ്റ് ബാംബൂ മിഷൻ്റെ ധനസഹായത്തോടെ മുളയിനങ്ങളുടെ സംരക്ഷണവും, കൃഷി പരിപോഷിപ്പിക്കലും, കരകൗശല വിപണനപുരോഗതിയും സാധ്യമാക്കൽ:

### ജെ എൻ ടി ബി ജി ആർ ഐ ഗാർഡൻ മാനേജ്മെന്റ് ഡിവിഷൻ

ജനിതകശേഖരത്തിന്റെ വിപുലീകരണവും പരിപാലനവും സാധ്യമാക്കുക. ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനവും പുനഃസ്ഥാപനവും പൂന്തോട്ടനിർമ്മാണം, സസ്യപരിപാലനം, സസ്യസംരക്ഷണം എന്നീ മേഖലകളിൽ പൊതുസമൂഹത്തിനു വേണ്ട വസ്തുക്കളും വസ്തുതകളും നൽകുക.
പശ്ചിമ ഘട്ടത്തിലെ വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും
സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുവാൻ വിനോദ വിജ്ഞാന പദ്ധതി JNTBGRI കേരള സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നു.
ലുലു ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്ന്റെ സഹായത്തോടുകൂടി തിരുവനന്തപുരം പട്ടണത്തിലെ ആനിമസ്ക്രീൻ സ്ക്വയർ, ദേവസ്വം ബോർഡ് ജംഗ്ഷൻ, ഗവ.ഗസ്റ്റ് ഹൗസ് ജംഗ്ഷൻ എന്നീ

സുപ്രധാന നഗരഭാഗങ്ങൾ സൗന്ദര്യവൽക്കരിക്കുന്നു. അധിനിവേശ സസ്യങ്ങൾ കേരളത്തിലെ വിവിധ ആവാസവ്യവസ്ഥകളിൽ ചെലുത്തുന്ന സ്വാധീനത്തെകുറിച്ചും പാരിസ്ഥിതിക ആഘാതങ്ങളെകുറിച്ചും പഠിക്കുന്നു. മണിമലയാറിന്റെ തീരമേഖലയിൽ മാനവികത സൃഷ്ടിച്ചെടുക്കുന്ന ആഘാതങ്ങളെക്കുറിച്ച് പഠിക്കുന്നു.

## ജെ എൻ ടി ബി ജി ആർ ഐ ബയോടെക്നോളജി & ബയോഇൻഫോർമാറ്റിക്സ് ഡിവിഷൻ

–

ഇന്ത്യയുടെ തെക്കൻ പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന സസ്യങ്ങളുടെ ഒരു ജൈവശേഖരം സ്ഥാപിക്കൽ, കാലാവസ്ഥ വ്യതിയാനം സസ്യങ്ങളിൽ വരുത്തുന്ന മാറ്റങ്ങളെ കുറിച്ചുള്ള പഠനം , അപൂർവമായിട്ടുള്ള വനത്തിൽ മാത്രം കാണപ്പെടുന്ന ഏലത്തിന്റെ ഗുണങ്ങളെക്കുറിച്ചുള്ള ഗവേഷണം , പശ്ചിമഘട്ടത്തിലെ കേരള മേഖലയിൽ വംശനാശ ഭീഷണി നേരിടുന്ന രണ്ട് മരങ്ങളുടെ സംരക്ഷണ നില മെച്ചപ്പെടുത്തുന്നതിനായി അവയുടെ ആവാസ വിതരണ മാതൃകയും ശക്തിപ്പെടുത്തലും, തെക്കൻ പശ്ചിമഘട്ടത്തിലെ വംശനാശഭീഷണി നേരിടുന്ന പ്രാദേശിക വൃക്ഷമായ ഡയലിയം ട്രാവൻകോറിക്കം - സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനുമുള്ള ബയോടെക്നോളജിക്കൽ ഇടപെടലുകൾ പരിസ്ഥിതി സംരക്ഷണത്തിൻ്റെ ഭാഗമായി വിഎസ്എസ്സി കാമ്പസിലെ തിരഞ്ഞെടുത്ത പ്രകൃതിദത്ത ആവാസ വ്യവസ്ഥകളിൽ പ്രത്യേക ഉദ്ദേശ്യത്തോടെ നടീൽ നടപ്പിലാക്കൽ, ബയോടെക്നോളജിയുടെയും ബയോ ഇൻഫോർമാറ്റിക്സിൻ്റെയും ഇടപെടലിലൂടെ തെക്കൻ പശ്ചിമഘട്ടത്തിലെ തിരഞ്ഞെടുത്ത സസ്യ ജനിതക വിഭവങ്ങളുടെ എക്സിറ്റു കൺസർവേഷനും സുസ്ഥിരമായ ഉപയോഗവും - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഹരിത അന്തരീക്ഷം സ്ഥാപിക്കൽ

## ജെ എൻ ടി ബി ജി ആർ ഐ എത്നോമെഡിസിൻ ആൻഡ് എത്നോഫാർമക്കോളജി വിഭാഗം

എത്നോ-മെഡിക്കോ-ബൊട്ടാണിക്കൽ സർവേ, പരമ്പരാഗത അറിവിൻ്റെ ചിട്ടയായ ഡോക്യുമെൻ്റേഷൻ, ഭക്ഷണത്തിനും ഔഷധത്തിനും ഉപയോഗിക്കുന്ന സസ്യങ്ങളുമായി ബന്ധപ്പെട്ട എത്നോമെഡിസിൻ/പരമ്പരാഗത വിജ്ഞാനത്തെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കൽ. ആയുർവേദ ഫാർമക്കോപ്പിയയെ സമ്പുഷ്ടമാക്കുന്നതിനുള്ള ആയുർവേദ മെഡിസിൻ സംവിധാനവുമായി എത്നോ-മെഡിക്കോ-ബൊട്ടാണിക്കൽ ഡാറ്റയുടെ താരതമ്യ പഠനം. ആക്ടിവിറ്റി ഗൈഡഡ് ഫ്രാക്ഷൻ, അവയുടെ മോളിക്യുലാർ എക്സ്പ്രഷൻ പഠനങ്ങൾ, മോളിക്യുലാർ ഡോക്കിംഗ് പഠനങ്ങൾ, പ്രവർത്തനത്തിൻ്റെ വ്യക്തത എന്നിവയിലൂടെ മോളിക്യുലാർ-എത്നോഫാർമക്കോളജിക്കൽ സമീപനത്തെ അടിസ്ഥാനമാക്കിയുള്ള പരീക്ഷണാത്മക മൃഗങ്ങളിലെ സസ്യ സത്തിൽ / ഫോർമുലേഷനുകളുടെ ഫാർമക്കോളജിക്കൽ, ഫൈറ്റോകെമിക്കൽ, ഫാർമകോഗ്നോസ്റ്റിക്, ടോക്സിക്കോളജിക്കൽ മൂല്യനിർണ്ണയം ഉൾപ്പെടുന്ന പ്രീക്ലിനിക്കൽ പഠനങ്ങൾ. ആദിവാസി/ഗ്രാമീണ മേഖലകളിൽ ഔഷധ, സുഗന്ധ സസ്യങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും എന്ന വിഷയത്തിൽ പങ്കാളിത്ത പരിപാടി നടപ്പിലാക്കൽ. "എല്ലാവർക്കും ഔഷധസസ്യങ്ങളും എല്ലാവർക്കും ആരോഗ്യവും" - പ്രാഥമികാരോഗ്യ സംരക്ഷണത്തിനായി പ്രാദേശികമായി ലഭ്യമായ ഔഷധ-ഭക്ഷ്യ സസ്യ വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം., ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ ബോധവൽക്കരണ പരിപാടികളെക്കുറിച്ചുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഔഷധ/സുഗന്ധമുള്ള/കാട്ടു

ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സുസ്ഥിര വിനിയോഗം. DBT, DST, NMPB, WGDP, KSCSTE തുടങ്ങിയവയുടെ സഹകരണത്തോടെയുള്ള പ്രോജക്ടുകളിലൂടെ പകർച്ചവ്യാധികളെയും ജീവിതശൈലീ രോഗങ്ങളെയും ചെറുക്കുന്നതിനുള്ള ശക്തമായ ഹെർബൽ മരുന്നുകൾ വികസിപ്പിക്കുന്നതിനുള്ള ആയുർവേദ/ഹെർബൽ ഇൻറർഇൻസ്റ്റിറ്റിയൂഷണൽ പ്രോഗ്രാമുകളുടെ ഗുണനിലവാരം, സുരക്ഷ, കാര്യക്ഷമത എന്നിവ വിലയിരുത്തുന്നതിനുള്ള ഗവേഷണം ശക്തിപ്പെടുത്തുക. കേരളത്തിലെ തിരുവനന്തപുരം പെരിങ്ങമ്മല പഞ്ചായത്തിലെ ഞാറനീലി വാർഡിലെ ആദിവാസികളുടെ ഉപജീവന വർദ്ധന, സസ്യ വിഭവ സമ്പുഷ്ടീകരണം, ബൈ ബാക്ക്, ഹെർബൽ ഉൽപ്പന്ന വികസനം എന്നിവയിലൂടെ" DST ധനസഹായത്തോടെയുള്ള പദ്ധതി, തൊഴിൽരഹിതരായ ഗ്രാമീണ സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുക, അവർക്ക് വൈദഗ്ധ്യവും ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുള്ള ഹെർബൽ/ഹോം കെയർ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള പിന്തുണയും നൽകി.

<u>ജെ എൻ ടി ബി ജി ആർ ഐ കൺസേർവഷൻ ബയോളജി ഡിവിഷൻ</u>

കേരളത്തിലെ പുഷ്പിത സസ്യസമ്പത്തിലെ തിരഞ്ഞെടുക്കപ്പെട്ട സസ്യങ്ങളുടെ ജൈവഘടകങ്ങളുടെ സംരക്ഷണം., കേരളത്തിലെ തനത് സസ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് പുറത്തുള്ള സംരക്ഷണം വിത്ത് കാലവറയിലൂടെ (Seed Bank) ഉറപ്പുവരുത്തുക., ഇന്ത്യയിലെ പുഷ്പിതസസ്യങ്ങളുടെ വ്യവസ്ഥാപിതമായ വിവരശേഖരണം പുരോഗമിക്കുന്നു., 1500 ഓളം സസ്യജാതികളുടെ ഏകദേശം 10000-ഓളം സ്ലൈഡുകളുടെ ശേഖരം ശാസ്ത്രീയമായി തരംതിരിച്ചു സൂക്ഷിച്ചിരിക്കുന്നു. ശേഖരത്തിലേക്കു പുതിയ സസ്യജാതികളെ ചേർക്കുകയും ചെയ്യുന്നു. കേരളത്തിലെ വടക്കൻ ജില്ലകളിലെ (മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ചെങ്കൽ തരിശുകളിലെ പുഷ്പിത സസ്യങ്ങളുടെ ശാസ്ത്രിയവർഗ്ഗീകരണപഠനവും, അതിൽത്തന്നെ തനതു സസ്യങ്ങളുടെ (Endemic Plants) വേർതിരിക്കൽ, അവയുടെ പരിസ്ഥിതിക്ക് അനുയോജ്യമായ ആർജിത സ്വഭാവങ്ങളും രൂപമാറ്റം, ചില പ്രത്യക സസ്യങ്ങളുടെ മറ്റ് ഭൂഖണ്ഡങ്ങളിലേക്കുള്ള വ്യാപനതിൻറെ പഠനവും, അതിലൂടെ ഭൂമിയുടെ ഉത്ഭവത്തെക്കുറിച്ചുള്ള തെളിവുകളിലേക്കു വെളിച്ചം വീശുന്നതിനുള്ള പഠനവും നടക്കുന്നു.

<u>ജെ എൻ ടി ബി ജി ആർ ഐ മൈക്രോബയോളജി വിഭാഗം</u>

കേരള സംസ്ഥാനത്തെ ലൈക്കണുകൾ ഉൾപ്പെടെയുള്ള സൂക്ഷ്മജീവികളുടെ വൈവിധ്യത്തെക്കുറിച്ചുള്ള വിവരശേഖരണത്തിനും സ്വഭാവരൂപീകരണത്തിലൂടെയും ബയോപ്രോസസിംഗിലൂടെയും അതിൻറെ സുസ്ഥിരമായ ഉപയോഗത്തിനായി നീക്കിവച്ചിരിക്കുന്നു. കൂണുകൾ, ആക്ടിനോമൈസെറ്റുകൾ, ഫോളികോളസ് ഫംഗസ്, ലൈക്കണുകൾ എന്നിവയെ തിരിച്ചറിയലും ഡോക്യുമെൻറേഷനും ഉൾപ്പെടുന്നു. ആക്ടിനോമൈസെറ്റുകളുടെയും കൂണുകളുടെയും ചികിത്സാ സാധ്യതകളെക്കുറിച്ചും ഡിവിഷൻ പ്രവർത്തിക്കുന്നു. ആൻറി ബാക്ടീരിയൽ മരുന്നുകൾ വികസിപ്പിക്കുന്നതിലേക്ക് ബാക്ടീരിയൽ കോശവിഭജനത്തെയും ബയോ ഫിലിം രൂപീകരണത്തെയും തടയുന്ന പ്രകൃതിദത്ത തന്മാത്രകളും ഡിവിഷൻ പര്യവേക്ഷണം ചെയ്യുന്നു. മാക്രോഫംഗൽ സിസ്റ്റമാറ്റിക്സിൻറെ ആധികാരിക കേന്ദ്രമായി ഈ ഡിവിഷൻ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. കൂണുകളുടെ ഇന്ത്യയിലെ രണ്ടാമത്തെ

വലിയ ഹെർബേറിയം ഈ ഡിവിഷനിൽ ഉണ്ട്. ഓരോ ഗ്രൂപ്പിനും സവിശേഷമായ ഹെർബേറിയം ഉള്ളതിനാൽ, ഫോളികോളസ് ഫംഗസുകളും ലൈക്കണുകളും തിരിച്ചറിയുന്നതിലും ഡിവിഷൻ വൈദഗ്ധ്യം നേടിയിട്ടുണ്ട്. കൂടാതെ, ആൻറി ബാക്ടീരിയൽ, ആൻറി കാൻസർ, ആൻറിബയോഫിലിം ഗവേഷണം എന്നിവയിൽ ഡിവിഷൻ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ